പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2643 **28-10-2026-ൽ മറുപടിയ്ക്ക്**

വന്യജീവി ആക്രമണങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് 2025-26 കാലയളവിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്ന് വിശദമാക്കാമോ;

മറുപടി: 2025-26 കാലയളവിൽ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ 30 പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) വന്യജീവികൾ ഉൾക്കാടുകളിൽ നിന്ന് ജനവാസമേഖലകളിൽ ഇറങ്ങുന്നതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്താൻ പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ?

മറുപടി: സംസ്ഥാനത്തെ വനമേഖലകൾക്ക് താങ്ങാൻ കഴിയുന്ന വന്യജീവികളുടെ സാന്ദ്രതയും ആവാസവ്യവസ്ഥയുടെ പ്രതിഫലന ശേഷിയും ശാസ്ത്രീയമായി നിർണ്ണയിക്കുന്നതിന് വന്യമൃഗ വാഹക ശേഷി (Habitat Carrying Capacity) പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ (WII) സെന്റർ ഓഫ് എക്സലൻസ് ഓൺ ഹ്യൂമൻ വൈൽഡ്‌ലൈഫ് കോൺഫ്ലിക്ട് ആയ കോയമ്പത്തൂരിലെ WII-SACON എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ